# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *511 — 19.05.2017-ലെ മറുപടിയ്ക്ക്

## പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പുരോഗതി ഉറപ്പുവരുത്താനായുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി പി സജീന്ദ്രൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഐ സി ബാലകൃഷ്ണൻ<br>ശ്രീ. എ പി അനിൽകുമാർ | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) | |
| എ | പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ദ്രുതഗതിയിലുള്ള പുരോഗതി ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ.? | എ | പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ദ്രുതഗതിയിലുള്ള പുരോഗതി ഉറപ്പുവരുത്തുന്നതിന് എല്ലാ കുടുംബങ്ങൾക്കും പാർപ്പിടം, സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ, വിദേശ സർവകലാശാലകളിൽ പഠിക്കുന്നതിനടക്കമുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ, സ്വയം തൊഴിലിനുള്ള വായ്പയും സബ്സിഡിയും ലഭ്യമാക്കുന്ന പദ്ധതികൾ, ദുർബ്ബല വിഭാഗക്കാരുടെ വികസനത്തിന് പ്രത്യേക പാക്കേജ്, വിദേശ തൊഴിൽ സഹായം, പെൺകുട്ടികളുടെ വിവാഹത്തിനുള്ള സഹായം, മിശ്രവിവാഹ ധനസഹായം, സഹകരണ സ്ഥാപനങ്ങൾക്കും സ്വയം സഹായ സംഘങ്ങൾക്കുമുള്ള സഹായം, ചികിത്സാ സഹായം മുതലായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>പെൺകുട്ടികളുടെ സുരക്ഷയ്ക്കായുള്ള ഇൻഷുറൻസ് ലിങ്ക്ട് പദ്ധതിയായ വാത്സല്യനിധി, പഠനമുറി/സാമൂഹ്യപഠന മുറി, വർക്കിംഗ് വുമൺസ് ഹോസ്റ്റലുകൾ, പുതിയ ആറ് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, എന്നീ പുതിയ പദ്ധതികൾ 2017-18 ൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.<br>ആറ് ഹോസ്റ്റലുകൾ, മൂന്ന് ഐടിഐ കെട്ടിടങ്ങൾ, ഒരു പിഇടിസി, എന്നീ പദ്ധതികൾ കിഫ്ബി മുഖേന നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എല്ലാ എം.ആർ.എസുകളിലും പ്ലസ്ടു അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതും, ഏഴ് ഐടിഐകളെ മോഡൽ റസിഡൻഷ്യൽ ഐടിഐകളാക്കി മാറ്റുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്.<br>പട്ടികജാതി വികസന പദ്ധതികൾ അനുബന്ധം |

| | | | |
|---|---|---|---|
| | | | 1 (എ) യിലും പട്ടികവർഗ്ഗ വികസന പദ്ധതികൾ അനുബന്ധം 1 (ബി) യിലും നൽകുന്നു. |
| ബി | പട്ടിക വിഭാഗക്കാരുടെ പുരോഗതിക്ക് വേണ്ടി നീക്കിവെയ്ക്കുന്ന തുക വിവക്ഷിക്കപ്പെട്ട ഉദ്ദേശ്യത്തിനായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;<br>എങ്കിൽ വിശദാംശം വ്യക്തമാക്കുമോ.? | ബി | പട്ടിക വിഭാഗക്കാരുടെ പുരോഗതിക്ക് വേണ്ടി നീക്കിവെയ്ക്കുന്ന തുക വിവക്ഷിക്കപ്പെട്ട ഉദ്ദേശ്യത്തിനായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ട്.<br>ഇത് സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ച് വരികയാണ്. |
| സി | പ്രസ്തുത വിഭാഗങ്ങൾക്കുള്ള സംവരണാനുകൂല്യം അവർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്ന വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തുമോ ;<br>ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ.? | സി | സംവരണം ഭരണഘടന അനുശാസിക്കുന്ന അവകാശമാണ്. സംവരണ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിന് സർക്കാർ തലത്തിൽ ബഹു. മുഖ്യമന്ത്രി ചെയർമാനായ റിവ്യൂ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. സംവരണം നിയമം അനുശാസിക്കുന്ന പ്രകാരം പാലിക്കുന്നുണ്ടോ, ഏതെങ്കിലും വകുപ്പുകളിൽ സംവരണ ഉദ്യോഗാർത്ഥികളുടെ കുറവ് ഉണ്ടോ എന്നും, കുറവ് ഉള്ള പക്ഷം ആവശ്യമായ ഘട്ടങ്ങളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റുകൾ നടത്തുക എന്നിങ്ങനെയുള്ള നടപടികൾ റിവ്യൂ കമ്മിറ്റി ചെയ്തുവരുന്നു. ഈ സാഹചര്യത്തിൽ ഇത് നിയമത്തിന്റെ ഭാഗമാക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം 1 (A)</u>

**പട്ടികജാതിക്കാർക്കാരുടെ ഉന്നമനത്തിനായി ആസൂത്രണം ചെയ്തിട്ടുള്ളതും ആവിഷ്കരിച്ചിട്ടുള്ളതുമായ പ്രധാന വികസന പദ്ധതികൾ:**

1. ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി

2. ഭവനരഹിതർക്ക് ഭവനം

3. പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ

4. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫ്

5) മരാമത്തും, കെട്ടിടവും

6) പട്ടികജാതി വികസന വകുപ്പിന്റെനവീകരണവും, ഇ-ഗവേണൻസ് സംരംഭങ്ങളും

7) പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫ് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി

8) പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം

9) പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

10) വെള്ളായണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്

11) പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം

12) വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്കുള്ള ധനസഹായം

13) സ്വയം തൊഴിൽ ധനസഹായ പദ്ധതി

14) സ്വയം സഹായ സംഘങ്ങൾക്കുള്ള ധനസഹായം

15) വിവിധതരത്തിലുള്ള വരുമാനദായകമായ പദ്ധതികൾ

16) പട്ടികജാതി സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

17) തൊഴിലിനും പരിശീലനത്തിനും മാനവവിഭവ ശേഷി വികസനത്തിനുമുള്ള സഹായം

18) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് - എസ്.സി.പി (51% സംസ്ഥാന വിഹിതം)

19) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം)

20) പൗരവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% സംസ്ഥാന വിഹിതം)

21) തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ (പ്രീമട്രിക് ഹോസ്റ്റലുകൾ, നഴ്സറി സ്കൂളുകൾ)

22) പ്രത്യേക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം

23) പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

24) പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ

25) പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന (100% കേന്ദ്രാവിഷ്കൃത പദ്ധതി)

26) വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ

27) 9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രവിഹിതം)

28) പ്രധാനമന്ത്രി ആവാസ് യോജ്ന പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം)

29) എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം)

30) പഠനമുറി

31) വാത്സല്യനിധി

32) വർക്കിംഗ് വുമൺസ് ഹോസ്റ്റൽ

33) കിഫ്ബി മുഖേന 155 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ

34) ആറ് കോർപറേഷനുകളിലും പുതിയ പോസ്റ്റ്മട്രിക് ഹോസ്റ്റലുകൾ

സെക്ഷൻ ഓഫീസർ

അനുബന്ധം 1 (B)

## <u>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികൾ</u>

1. നഴ്സറി, പ്രീമട്രിക്, പോസ്റ്റമട്രിക് തല വിദ്യാഭ്യാസാനുകൂല്യങ്ങൾ - ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും

2. പ്രീമട്രിക് - പോസ്റ്റ്മട്രിക് ഹോസ്റ്റലുകൾ

3. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

4. വിദ്യാർത്ഥികൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്ന ഗോത്രസാരഥി പദ്ധതി

5. സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് റിസർത്ത് ആന്റ് ഡവലപ്മെന്റ് പദ്ധതി

6. എട്ടാം ക്ലാസ് മുതൽ 12 ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള ട്യൂട്ടോറിയൽ ഗ്രാന്റ്

7. ലോവർ പ്രൈമറി വിദ്യാർത്ഥികൾക്കുള്ള യൂനിഫോം

8. സന്നദ്ധസംഘടനകൾ നടത്തുന്ന ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് ബോർഡിംഗ് ഗ്രാന്റ്

9. ഉയർന്ന മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പ്രോത്സാഹനം

10. വിദ്യാർത്ഥികൾക്കുള്ള പഠന യാത്രകൾ

11. ഏകാധ്യാപക വിദ്യാലയങ്ങൾ, പെരിപതറ്റിക് സ്ഥാപനങ്ങൾ

12. വൊക്കേഷണൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഉൽപ്പാദന പരിശീലന കേന്ദ്രം, വ്യവസായ പരിശീലന കേന്ദ്രങ്ങൾ

13. അഞ്ച് അലോപ്പതി, ഒ പി ക്ലിനിക്കുകളും, ആറളത്ത് ആയുർവേദ ആശുപത്രിയും, സംസ്ഥാനത്ത് 17 ആയുർവേദ ഡിസ്പൻസറികളും

14. ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

15. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം

16. അട്ടപ്പാടിയിൽ മൂന്ന് ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ കേന്ദ്രങ്ങൾ

17. സിക്കിൾസെൽ അനീമിയ രോഗങ്ങൾക്ക് മരുന്നും ജീവനോപാധികളും നൽകുന്നതിന് പ്രതിമാസം 2500 രൂപ സഹായം

18. പഞ്ഞമാസങ്ങളിൽ ഭക്ഷ്യസഹായ പദ്ധതി

19. പാചകം ചെയ്ത ആഹാരം വിതരണം ചെയ്യുന്നതിന് കമ്മ്യൂണിറ്റി കിച്ചണുകൾ

20. ഭവന നിർമ്മാണ പദ്ധതി

21. 01.04.2014 ന് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള പദ്ധതി

22. അടിയ, പണിയ, പ്രാക്തന വർഗ്ഗങ്ങൾക്കായുള്ള പ്രത്യേക പാക്കേജ്

23. അനാഥർക്കുള്ള സഹായ പദ്ധതി - കൈത്താങ്ങ്

24. ഹാംലെറ്റ് വികസന പദ്ധതി

25. വിവാഹ ധനസഹായ പദ്ധതി

26. മിശ്രവിവാഹ ധനസഹായ പദ്ധതി

27. സ്വയംതൊഴിലിനും നൈപുണ്യ വികസനത്തിനുമുള്ള പരിപാടി

28. വനബന്ധു കല്ല്യാണ യോജന

29. അതിക്രമങ്ങൾ തടയുന്നതിനുള്ള കേന്ദ്ര നിയമപ്രകാരം നൽകുന്ന നിയമപരിരക്ഷയും സഹായധനവും

30. വനാവകാശ നിയമപ്രകാരമുള്ള സഹായങ്ങൾ

31. പ്രീമട്രിക്-പോസ്റ്റ്മട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾക്കുള്ള കേന്ദ്ര പദ്ധതി

32. സാമൂഹ്യ പഠന മുറി

33. ഗോത്രവാത്സല്യനിധി

34. കിഫ്ബി മുഖേന നൂറ് കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ

35. കോർപ്പസ് ഫണ്ട് വിനിയോഗിച്ചുള്ള സങ്കേത വികസന പരിപാടികൾ

സെക്ഷൻ ഓഫീസർ.